**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5713** **08-11-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രസർക്കാർ നയങ്ങൾ ഉണ്ടാക്കുന്ന സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാരിന്റെ പുതിയ സാമ്പത്തികനയവും കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ വിറ്റഴിക്കലും ഒപ്പം സ്വകാര്യവൽക്കരണവും സംസ്ഥാന സാമ്പത്തികമേഖലയേയും തൊഴിലാളികളേയും അതോടൊപ്പം വിവിധ ജനവിഭാഗങ്ങളെയും എത്തരത്തിൽ ബാധിക്കുമെന്നത് ധനവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കേന്ദ്രസർക്കാരിന്റെ പുതിയ സാമ്പത്തികനയവും കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ വിറ്റഴിക്കലും ഒപ്പം സ്വകാര്യവൽക്കരണവും സംസ്ഥാനത്തിന്റെ സാമ്പത്തികമേഖലയേയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവല്ക്കരിക്കുന്നതു മൂലം സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയും പ്രസ്തുത സ്ഥാപനങ്ങളിൽ നേരിട്ടും പരോക്ഷമായും തൊഴിൽ ചെയ്തു വരുന്ന തൊഴിലാളികളെയും പ്രസ്തു സ്ഥാപനങ്ങളെ ആശ്രയിച്ചു വരുന്ന അനുബന്ധ വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപ്പിനെയും സാരമായി ബാധിക്കുന്നതാണ്. നീതി ആയോഗിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതിന്റെ സാഹചര്യത്തിൽ, കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ വൽക്കരിക്കുന്നതിലുള്ള സംസ്ഥാനത്തിന്റെ ആശങ്ക നിരവധി കത്തുകളിലൂടെ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. |
| (ബി) | പലവിധ ദുരന്തങ്ങളാൽ സാമ്പത്തികസ്ഥിരത നഷ്ടപ്പെട്ട സംസ്ഥാനത്തിന് പ്രസ്തുത കേന്ദ്രസർക്കാർനയങ്ങൾ ഉണ്ടാക്കുന്ന സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തിനെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചു വരുന്നത്. 2016-17 മുതൽ പബ്ലിക് അക്കൗണ്ട് മുഖാന്തരം എടുക്കുന്ന വായ്പ സംസ്ഥാനത്തിന്റെ സാധാരണ വായ്പാ പരിധിയിൽ നിന്ന് കേന്ദ്രസർക്കാർ കുറവ് വരുത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗ്രാന്റുകൾ വെട്ടിക്കുറക്കുന്നതിനോടൊപ്പം സംസ്ഥാനത്തിനു ലഭിക്കേണ്ട ജി എസ് ടി നഷ്ടപരിഹാരം യഥാസമയം നൽകാത്ത സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. പ്രളയ പുനർനിർമ്മാണത്തിനുള്ള വിദേശ വായ്പകളെ സാധാരണ വായ്പാ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യവും |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാർ പരിഗണിക്കുകയുണ്ടായില്ല. കൂടാതെ, ജി.എസ്.ടി നിരക്കുകൾ കുത്തനെ വെട്ടിക്കുറക്കുന്നതും സംസ്ഥാനത്തിലെ നികുതിപ്പിരിവിനെ ബാധിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സാഹചര്യത്തിലും ആശ്വാസ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുമ്പോൾ ആയതിന്റെ പ്രവർത്തനങ്ങൾക്കായി എത്ര കേന്ദ്രസഹായം ഏതെല്ലാം മേഖല കേന്ദ്രീകരിച്ച് ആവശ്യപ്പെട്ടെന്നും ലഭ്യമായവ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | (സി) | 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡമനുസരിച്ച് 5616 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ടും 2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.88 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ടും കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് 2904.85 കോടി രൂപ കേന്ദ്ര സഹായമായി അനുവദിച്ചുവെങ്കിലും 2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് ധനസഹായം ലഭിച്ചിട്ടില്ല. കൂടാതെ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-26 കാലയളവിലേയ്ക്ക് സെക്ടർ സ്പെസിഫിക് ഗ്രാന്റിനത്തിൽ 2412 കോടി രൂപയും സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റിനത്തിൽ 1100 കോടി രൂപയും കേന്ദ്രസഹായം ശുപാർശ ചെയ്തിരുന്നുവെങ്കിലും ആയത് കേന്ദ്ര സർക്കാർ പരിഗണിച്ചിരുന്നില്ല. കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത ഗ്രാന്റ് അനുവദിക്കുന്നതിനുള്ള അനുകൂല നടപടി സ്വീകരിക്കണമെന്ന് 13.07.2021 – ൽ ബഹു. പ്രധാനമന്ത്രിക്ക്, ബഹു. മുഖ്യമന്ത്രി നേരിട്ട് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ